KSACS

Kerala State AIDS Control Society
Red Cross Road
Thiruvananthapuram -695035
www.keralaaids.com

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: sacs_kerala@nacoindia.org

19-03-2010

# രക്തബാങ്കുകൾക്ക് അക്രഡിറ്റേഷൻ:
# പരിശീലന പരിപാടി നടത്തി

തിരുവനന്തപുരം: സംസ്ഥാനത്തെ രക്തബാങ്കുകൾക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആൻഡ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സിന്റെ അക്രഡിറ്റേഷൻ ലഭ്യമാകുന്നതിനു വേണ്ടിയുള്ള നടപടികൾക്ക് തുടക്കമായി. ഇതിന്റെ പ്രാരംഭഘട്ടമായി സംസ്ഥാനത്തെ രക്തബാങ്കുകളിലെ മെഡിക്കൽ ഓഫീസർമാർക്കായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു.

അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനായി രക്തബാങ്കുകളുടെ സംവിധാനങ്ങൾ നിശ്ചിത നിലവാരത്തിൽ ക്രമീകരിക്കുന്നതിനാണ് നൂറോളം ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയത്. അക്രഡിറ്റേഷൻ ലഭ്യമാകണമെങ്കിൽ രക്തബാങ്കുകളിൽ രജിസ്ട്രേഷൻ മുതൽ രക്തം ലഭ്യമാക്കുന്നതു വരെയുള്ള നടപടിക്രമങ്ങൾക്ക് നിശ്ചിത നിലവാരവും മാനദണ്ഡവും ഉണ്ടായിരിക്കണം. എൻ.എ.ബി.എച്ച് ഡെപ്യൂട്ടി ഡയറക്ടർ ഡോ. ബി.കെ റാണ, ഡോ. എൻ. ചൗധരി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. കെ. ഷൈലജ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി. വേലായുധൻ, സന്നദ്ധ രക്തദാന കൺസൾട്ടന്റ് ഡോ. സുരേഷ് കുമാർ, ക്വാളിറ്റി മാനേജർ ഗണേഷ് എം. പിള്ള, ടെക്നിക്കൽ അസോസിയേറ്റ് സിനു കടകംപള്ളി തുടങ്ങിയവർ പ്രസംഗിച്ചു.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)